(സി) ഇപ്പോൾ പൈനാവിൽ നിർമ്മാണത്തിലിരിക്കുന്ന സിവിൽ സ്റ്റേഷന്റെ പണി പൂർത്തിയാകുന്നതോടുകൂടി ഇടുക്കി ബി. ആൻഡ് ആർ. ഡിവിഷൻ തുടങ്ങുന്നതിനു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ആവശ്യമായ നടപടികൾ ത്വരിപ്പിക്കുന്നതാണ്.

ഗ്രാമീണതലത്തിൽ സ്പോർട്സിന് പ്രോൽസാഹനം നൽകുന്നതിനുള്ള നടപടി

40 [72] ശ്രീ. വി. കെ. രാജൻ:

,, പി. കെ. ശ്രീനിവാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണതലത്തിൽ സ്പോർട്സിന് പ്രോൽസാഹനം നൽകുന്നതിനുള്ള ഗവൺമെൻറിന്റെ പദ്ധതികൾ എന്തെല്ലാം;

(ബി) ഏതെല്ലാം ജില്ലയിൽ ഇതാരംഭിച്ചിട്ടുണ്ട്?

ഉത്തരം

(എ) (1) 29-10-1979-ലെ (പി) 363/77/ജി.എ.ഡി. എന്നനമ്പരിലുള്ള സർക്കാർ കൽപ്പനപ്രകാരം ഗ്രാമപ്രദേശങ്ങളിൽ കളിസ്ഥലങ്ങൾ ഏർപ്പെടുത്തുന്നതിനു സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി അനുസരിച്ച് പഞ്ചായത്തുകൾ, ജില്ലാ സ്പോർട്സ് കൗൺസിലുകൾ, കേരള സ്പോർട്സ് കൗൺസിലിന്റെ അംഗീകാരം നേടിയിട്ടുള്ള സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളും അവയുടെ ജില്ലാ യൂണിറ്റുകളും, സൊസൈറ്റീസ് ആക്ടിൻ പ്രകാരം സൊസൈറ്റികളായി രജിസ്റ്റർ ചെയ്തിട്ടുള്ള ക്ലബ്ബുകൾ എന്നിവയ്ക്ക് കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും ജിംനേഷ്യങ്ങൾ സ്ഥാപിക്കുന്നതിനുമായി 20,000 രൂപവരെ ധനസഹായങ്ങൾ നൽകാവുന്നതാണ്,

(2) ഗ്രാമപ്രദേശങ്ങളിൽ സ്പോർട്സും കളികളും വികസിപ്പിക്കുന്നതിനുവേണ്ടി സംസ്ഥാനത്തൊട്ടാകെ ''റൂറൽ സ്പോർട്സ് സെൻററുകൾ'' ഏർപ്പെടുത്തിയിട്ടുണ്ട്. ഹൈസ്കൂളുകളോടുചേർന്നു സ്ഥാപിച്ചിട്ടുള്ള ഈ കേന്ദ്രങ്ങളിൽ കളികൾക്കുള്ള സൗകര്യങ്ങൾ ലഭിക്കുന്നതാണ്. ഓരോ കേന്ദ്രത്തിനും ജില്ലാ സ്പോർട്സ് കൗൺസിൽമുഖേന ആദ്യവർഷത്തേയ്ക്ക് 1,600 രൂപാ വിലവരുന്ന സ്പോർട്സ് ഉപകരണങ്ങളും തുടർന്നുള്ള ഓരോ വർഷവും 500 രൂപ വിലവരുന്ന താൽക്കാലിക (Perishable) ഉപകരണങ്ങളും നൽകുന്നതാണ്.

(3) ഇതുകൂടാതെ ജില്ലകൾതോറും ഗ്രാമീണ വിനോദകേന്ദ്രങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ സ്പോർട്സ് കൗൺസിലിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിൽ വോളിബോൾ, ബാഡ്മിൻറൻ, ഖോ-ഖോ, കബഡി മുതലായ കളികൾക്കു സൗകര്യമുണ്ടായിരിക്കും, ഇത്തരം ഓരോ കേന്ദ്രത്തിനും പ്രതിവർഷം 200 രൂപാ വീതം ഗ്രാൻറ് ലഭിക്കുന്നതാണ്. ഇപ്പോൾ സംസ്ഥാനത്ത് 148 ഗ്രാമീണ വിനോദകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(4) താലൂക്ക്, ജില്ല, സംസ്ഥാനതലത്തിൽ ഗ്രാമീണ സ്പോർട്സ് മൽസരങ്ങൾ ഓരോ വർഷവും നടത്തി സംസ്ഥാന ടീമിനെ അഖിലേന്ത്യാതലത്തിലുള്ള മൽസരങ്ങൾക്ക് അയച്ചുവരുന്നു.

(ബി) (1) കളിസ്ഥലങ്ങൾക്ക് സഹായധനം നൽകുന്നതിനുള്ള പദ്ധതി തിരുവനന്തപുരം, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിൽ നടപ്പാക്കിവരുന്നു.

(2) ഗ്രാമീണ സ്പോർട്സ് സെൻററുകൾ എല്ലാ ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്.

(3) ഗ്രാമീണ വിനോദ കേന്ദ്രങ്ങൾ ആലപ്പുഴ, മലപ്പുറം എന്നീ ജില്ലകൾ ഒഴികെയുള്ള എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നുണ്ട്. (ആലപ്പുഴ ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ സ്പോർട്സ് കൗൺസിൽ പ്രവർത്തിക്കുന്നില്ല. മലപ്പുറം ജില്ലയിൽ ഗ്രാമീണ വിനോദകേന്ദ്രങ്ങൾ ഉടനടി ആരംഭിക്കുന്നതാണ്).

(4) ഗ്രാമീണ കായിക മൽസരങ്ങൾ ആലപ്പുഴ ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിലും സംഘടിപ്പിച്ചുവരുന്നു.

ഹിൽ ഹൈവേ സ്കീം

41 [73] ശ്രീ. പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽഹൈവേസ്കീം ഇന്നു നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ പ്രത്യേകതകൾ എന്തെല്ലാം;

(സി) ഈ സ്കീമിൽ ഏതെല്ലാം റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിൻെറ തെക്കേ അറ്റംമുതൽ വടക്കേ അറ്റംവരെ പൂർണ്ണമായും മലയോരപ്രദേശത്തുകൂടി കടന്നുപോകുന്ന ഒരു പാതയാണ്. ഇതിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ വീതികൂട്ടി വികസിപ്പിക്കുകയും റോഡില്ലാത്തഭാഗങ്ങളിൽ റോഡു നിർമ്മിക്കുകയും ചെയ്താണ് ഹിൽ ഹൈവേ നിർമ്മിക്കാനുദ്ദേശിക്കുന്നത്. ഈ പാത പൂർത്തിയാകുമ്പോൾ ജലസമ്പത്തും വനസമ്പത്തും പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കുന്നതുമൂലം നമ്മുടെ സാമ്പത്തിക വികസനം ത്വരിതപ്പെടും. കുറ്റമറ്റ ഒരു ഗതാഗത സൗകര്യം ഉണ്ടാകുകയും വൻപിച്ച തൊഴിൽ സാദ്ധ്യതകൾ തെളിയുകയും ചെയ്യും. പശ്ചിമഘട്ട പദ്ധതിയുടെ നടപ്പാക്കൽ ത്വരിതപ്പെടും.

(സി) റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly